(സി) വിമാനത്താവളത്തിലെ ആഭ്യന്തര സുരക്ഷാചുമതല പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ സിവിൽ ഏവിയേഷൻ വകുപ്പിന് കീഴിലുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള ഏജൻസികൾക്കും കേന്ദ്ര വ്യവസായ സംരക്ഷണസേനയ്ക്കുമാണ്. ഈ ഏജൻസികൾ തമ്മിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്യുന്നതും പരിഹാരം കണ്ടെത്തുന്നതും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയാണ്. 10-6-2015-ലെ സംഘർഷത്തെത്തുടർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഭാവിയിൽ അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനും വിമാനയാത്രികരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുംവേണ്ടി 16-6-2015 തീയതി സംസ്ഥാന ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിലെയും സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിലെയും കേന്ദ്ര വ്യവസായ സംരക്ഷണ സേനയിലെയും സംസ്ഥാന പോലീസിലെയും ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതല യോഗം ചേരുകയുണ്ടായി. ഈ യോഗത്തിൽ വിമാനത്താവളങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും വിമാനയാത്രികരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുംവേണ്ടി വിമാനത്താവളങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സ്റ്റേഷനുകൾ/ഔട്ട് പോസ്റ്റുകൾ സ്ഥാപിക്കുന്നകാര്യം കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര നിയമമനുസരിച്ച് വിമാനത്താവളങ്ങളുടെ ആഭ്യന്തര സുരക്ഷാ ചുമതല പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ സിവിൽ ഏവിയേഷൻ വകുപ്പിന് കീഴിലുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള ഏജൻസികൾക്കും കേന്ദ്ര വ്യവസായ സംരക്ഷണ സേനയ്ക്കുമാണ്. വിമാനയാത്രികരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി സംസ്ഥാനത്തുള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ അന്താരാഷ്ട്ര വിമാനത്താവളങ്ങളോടുചേർന്ന് വിമാനത്താവളങ്ങൾക്ക് മാത്രമായി പ്രത്യേക പോലീസ് സ്റ്റേഷൻ രൂപീകരിക്കുവാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുവാനും നിലവിൽ തിരുവനന്തപുരം, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളങ്ങളോടുചേർന്ന് പ്രവർത്തിച്ചുവരുന്ന പോലീസ് എയ്ഡ് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

പിൻവലിച്ച കേസ്സുകൾ

208 (3030) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കേസ്സുകൾ പിൻവലിച്ചു എന്നകാര്യം ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly